മരുന്നുകൾക്കായി ചെലവഴിക്കുന്ന തുക

1 (*211) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ശരാശരിയുടെ നാലിരട്ടിയോളം തുകയാണ് മരുന്നുകൾക്കായി മലയാളി ചെലവിടുന്നതെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനിടയാക്കുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ജീവിതശൈലീരോഗങ്ങളുടെ ആധിക്യവും വർദ്ധിച്ച തോതിൽ മരുന്നുകൾ, പ്രത്യേകിച്ച് അലോപ്പതി മരുന്നുകൾ കഴിക്കാനുള്ള വ്യഗ്രതയും കൂടുന്ന സാഹചര്യത്തിൽ ആരോഗ്യനയത്തിലും സമീപനത്തിലും പുനർവിചിന്തനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ,

(എ) മരുന്നുകൾക്കായി ഗണ്യമായ തുക ചെലവഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദീർഘകാലം ചികിത്സയെടുക്കേണ്ട ജീവിതശൈലീരോഗങ്ങളുടെ വർദ്ധനവ്, ആയുർദൈർഘ്യം വർദ്ധിച്ചതുവഴി വയോജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, ഉയർന്ന ആരോഗ്യ സാക്ഷരത, ചികിത്സ തേടാനുള്ള ജനങ്ങളുടെ താത്പര്യം, സ്വകാര്യ മേഖലയുടെ വളർച്ച, ജനങ്ങളുടെ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി എന്നീ ഘടകങ്ങൾ ഇതിന് കാരണമാകുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ വർദ്ധനവ്, മെച്ചപ്പെട്ട ഡോക്ടർ രോഗി അനുപാതം, ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ജനങ്ങൾക്ക് എത്തുവാനുള്ള സൗകര്യം എന്നിവയും ഈ പ്രവണതയ്ക്ക് കാരണമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജീവിതശൈലീരോഗങ്ങളുടെ വർദ്ധനവും, മരുന്നും, പരിശോധനയും അടങ്ങുന്ന ചികിത്സാ ചെലവ്വർദ്ധിച്ചു വരുന്നത് കണക്കിലെടുത്തുകൊണ്ട് അനവധി പദ്ധതികൾ ആരോഗ്യ വകപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ആരോഗ്യ വകപ്പുവഴി വാങ്ങുന്ന മരുന്നുകളുടെ ബഡ്ജറ്റ് വിഹിതം 112 കോടിയിൽനിന്നും 300 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എല്ലാ സർക്കാർ ആശുപത്രികളിലും ജനറിക് മരുന്നുകൾ നിർബന്ധമാക്കുകയും ഡോക്ടർമാർ ജനറിക് മരുന്നുകൾതന്നെ പ്രിസ്ക്രൈബ് ചെയ്യണമെന്നും ഉത്തരവ് നൽകിയിട്ടുണ്ട്. ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ക്യാൻസർ ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾക്കായി 120 ഐറ്റം മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി സംഭരിക്കുകയുണ്ടായി. വർദ്ധിച്ചു വരുന്ന പരിശോധനാ ചെലവുകൾ കണക്കിലെടുത്തുകൊണ്ട് എച്ച്.എൽ.എൽ. ഉം ആയി സഹകരിച്ചു കൊണ്ട് കറഞ്ഞ ചെലവിൽ പരിശോധനാ സംവിധാനങ്ങൾ സംസ്ഥാനത്ത് മിക്ക ആശുപത്രികളിലും സ്ഥാപിക്കുകയുണ്ടായി. ഇതിനോടൊപ്പം ചികിത്സാ സഹായ പദ്ധതികളായ ആർ.എസ്.ബി.വൈ. ചിസ്, ചിസ് (+) സുകൃതം പദ്ധതിവഴി ചികിത്സാ സഹായവും രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ഉറപ്പു വരുത്തുന്നു.

ജനനം മുതൽ വാർദ്ധക്യം വരെയുള്ള ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ചികിത്സ ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഗർഭാവസ്ഥയിലും, പ്രസവ ചികിത്സയും, ജെ.എസ്.എസ്.കെ. അമ്മയും കുഞ്ഞും പദ്ധതി, 0 മുതൽ 18 വരെ പ്രായമുള്ള കുട്ടികൾക്ക് ആരോഗ്യ കിരണം പദ്ധതി, സൗജന്യ ചികിത്സാ പദ്ധതി, കൗമാരാരോഗ്യ പദ്ധതി, സ്കൂൾ ആരോഗ്യ പദ്ധതി, ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി, വയോജനാരോഗ്യ പദ്ധതി, സാന്ത്വന ചികിത്സാ പദ്ധതി എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ജീവിതശൈലിരോഗ നിയന്ത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു :

അമൃതം ആരോഗ്യം പദ്ധതി

സംസ്ഥാനത്ത് 2012 മുതൽ മുപ്പത് വയസ്സിനുമുകളിൽ പ്രായമുള്ള ജനവിഭാഗങ്ങൾക്ക് പി.എച്ച്.സി, സി.എച്ച്.സി, സബ് സെന്റർ എന്നിവിടങ്ങളിൽവെച്ച് ജീവിതശൈലീ രോഗ നിർണ്ണയം, ചികിത്സ, സൗജന്യ മരുന്ന് വിതരണം എന്നിവ നടത്തി വരുന്നു. ഇതിനു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് (NPCDCS- National Programme for Control of Diabetes,

LIBRARY ARCHIVES Kerala Legislative Assembly

CVD, Cancer and Stroke) 2010 മുതൽ 5 ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) നടപ്പിലാക്കിവരുന്നു. ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ക്യാൻസർ കെയർ സെന്ററുകൾ 14 ജില്ലകളിലും 2013 മുതൽ നടപ്പിലാക്കിവരുന്നു. പക്ഷാഘാത പരിചരണത്തിനായി ടെലിസ്ട്രോക്ക് യൂണിറ്റും, സ്ട്രോക്ക് റിഹാബിലിറ്റേഷൻ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനായി തൊഴിലിടങ്ങളിൽ വർക്ക് പ്ലേയ്സ് ഇന്റർവെൻഷൻ, പോലീസുകാർക്കായി (SHAPE) (Systamatic Health Assessment for Police Personnels) വിദ്യാലയങ്ങളിൽ (LEAP) (Life Style Education and Awareness Programme) എന്നിവ നടപ്പിലാക്കിവരുന്നു. തൊഴിലിടങ്ങളിലും, സ്കൂളുകളിലും യോഗാ പരിപാടിയും സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. പതിനാല് ജില്ലകളിലും എൻ.എച്ച്.എം./സ്റ്റേറ്റ് പ്ലാൻ/സെൻട്രൽ അസിസ്റ്റന്റ്വഴി മാനസികാരോഗ്യ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വയോജന ആരോഗ്യ പദ്ധതി, സാന്ത്വന പരിചരണ പദ്ധതി എന്നിവയിലൂടെ വയോജനങ്ങൾക്കും ശയ്യാലംബരായ രോഗികൾക്കും ആരോഗ്യ പരിരക്ഷ നൽകുന്നു.

ജീവിതശൈലീരോഗങ്ങളുടെ ചികിത്സയ്ക്കായി പ്രോട്ടോകോൾ തയ്യാറാക്കുകയും മരുന്നുകൾ പ്രാഥമികാരോഗ്യകേന്ദ്രതലംവരെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാരുണ്യ, നീതി തുടങ്ങിയ മരുന്നു സ്റ്റോറുകൾവഴി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ മരുന്നു കമ്പനികളുടെ അമിത ലാഭത്തിനായുള്ള നീക്കങ്ങൾക്ക് ഒരു പരിധിവരെ തടയിടുന്നതിന് ഈ നടപടിയിലൂടെ സർക്കാരിന് സാധിച്ചിട്ടുണ്ട്. എങ്കിലും ജീവിതശൈലീരോഗങ്ങളുടെ ആധിക്യവും, അമിതമായി മരുന്നുകൾ കഴിക്കുന്നതിനുള്ള തെറ്റായ പ്രവണതയും കണക്കിലെടുത്ത് ആവശ്യമെങ്കിൽ ആരോഗ്യ നയത്തിലും സമീപനത്തിലും പുനർ വിചിന്തനം നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ : സർ, ദേശീയ ശരാശരിയേക്കാളും നാലിരട്ടിയോളം തുകയാണ് സംസ്ഥാനത്ത് മരുന്നുകൾക്കുവേണ്ടി ചെലവഴിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. ആയുർവ്വേദ മരുന്നുകളുടെയും അലോപ്പതി മരുന്നുകളുടെയും നിരവധി പരസ്യങ്ങൾ വർത്തമാന പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ വരാറുണ്ട്. അതുകൊണ്ടുതന്നെ ഡോക്ടർമാരുടെ കുറിപ്പുകൾ ഇല്ലാതെ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ഇത്തരം മരുന്നുകൾ വാങ്ങുന്ന പ്രവണത നമ്മുടെ സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്നുണ്ട്. ഇത്തരത്തിലുള്ള മരുന്നുകൾ ഉപയോഗിക്കുന്നതുകൊണ്ട് മറ്റു നിരവധി രോഗങ്ങളുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഔഷധ ഉപയോഗത്തിന് ഒരു നയം രൂപീകരിക്കുന്നതിനും ഇത്തരം മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ സംസ്ഥാനത്ത് ഒരു ഔഷധ ഉപയോഗ നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ദേശീയ ശരാശരിയുടെ നാലിരട്ടിയോളം ഉകയാണ് മരുന്നുകൾക്കായി ചെലവിടുന്നതെന്ന് പറയുന്നത് ശരിയല്ല. ഡബ്ല്യു. എച്ച്. ഒ. നടത്തിയ പഠനത്തിൽ ഏറ്റവും കൂടുതൽ മരുന്നുപയോഗിക്കുന്നത് കേരളത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ദേശീയ ശരാശരി നാൽപ്പത്തിയൊന്ന് ശതമാനമാണ്. കേരളത്തിൽ അത് എഴുപത്തിരണ്ട് ശതമാനമാണ്. അതായത് ചികിത്സാ ചെലവ് നൂറ് രൂപയാണെങ്കിൽ ദേശീയ തലത്തിൽ 41 രൂപയാണ് മരുന്നിനുവേണ്ടി ചെലവഴിക്കുന്നത്. കേരളത്തിൽ 72 രൂപയാണ്. അതുയും രൂപ ചികിത്സയ്ക്കായി ചെലവാകുന്ന കാര്യത്തെക്കുറിച്ചാണ് മറുപടിയിൽ ഞാൻ സൂചിപ്പിച്ചത്. ആരോഗ്യ രംഗത്ത് ആയുർവ്വേദ മരുന്നുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വ്യാജ പരസ്യം കൊടുക്കുന്നതിന് ശിക്ഷാ നടപടികളും നിയമത്തിൽ പറയുന്നുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നകാര്യം ആലോചിക്കുന്നതാണ്. അതുപോലെ തന്നെ ഡോക്ടർമാരുടെ കുറിപ്പില്ലാതെ മരുന്നുകൾ നൽകുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ കർശന നടപടികൾ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചു വരുന്നുണ്ട്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യവും മിനിസ്റ്റർമാർ മറുപടികളും ചുരുക്കി പറഞ്ഞാൽ കൂടുതൽ അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം ലഭിക്കും.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, ജീവിതശൈലീ രോഗങ്ങൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ കൂടുതലാണ്. അതിനുള്ള കാരണങ്ങളെന്താണെന്ന് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; ഇത്തരം ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും ഇവ നിയന്ത്രിക്കുന്നതിനും എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഇന്ന് നമ്മുടെ സമൂഹത്തിലെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വലിയ വെല്ലുവിളി ജീവിതശൈലീ രോഗങ്ങളാണ്. ഇത് കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലും ലോകത്തെമ്പാടുമുണ്ട്. കൊച്ചുകുട്ടികളിൽ പോലും പ്രഷർ, ഷുഗർ, അമിതവണ്ണം പോലെയുള്ള പുതിയ രോഗങ്ങൾവരുന്ന സാഹചര്യമാണ് ഇന്നുള്ളത്. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിലേയ്ക്കുവേണ്ടി ഏഴിന കർമ്മപദ്ധതികൾ കേരളത്തിൽ തയ്യാറാക്കി നടപ്പിലാക്കുകയാണ്. 2013-ൽ ലോകാരോഗ്യദിനവുമായി ബന്ധപ്പെട്ട് ഇതിന്റെ തുടക്കം കുറിച്ചു. അതിന്റെ ഭാഗമായി ഒരു വർഷം ഒരു കോടി ആളുകളെ സ്ക്രീനിംഗ് നടത്തുന്നതിന് തീരുമാനിച്ചു. പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലുമടക്കം കേരളത്തിലെ എല്ലാ തലങ്ങളിലും 1.28 കോടി ആളുകളെ സ്ക്രീനിംഗ് നടത്തിയപ്പോൾ 5.9 ലക്ഷം ആളുകൾക്ക് പ്രഷറും 4 ലക്ഷത്തോളം ആളുകൾക്ക് ഷുഗറുമുണ്ടെന്ന് പുതുതായി കണ്ടെത്തി. 30 വയസ്സിന് മുകളിലുള്ള ആളുകളെയാണ് സ്ക്രീനിംഗ് നടത്തുന്നതിനായി തീരുമാനിച്ചത്. ഇപ്പോൾ നിലവിലുള്ളതിനുപരിയായാണ് ഇത്രയും ആളുകൾക്ക് പുതുതായി പ്രഷറും ഷുഗറുമുണ്ടെന്ന് കണ്ടെത്തിയത്. ഇതിലേയ്ക്കായി ഗവൺമെന്റ് ഏഴിന കർമ്മപദ്ധതി ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നുണ്ട്. അതിൽ പറയുന്ന പ്രധാന കാര്യം, ഇവർക്കാവശ്യമായ സ്ക്രീനിംഗ് നടത്തി പുതുതായി രോഗം കണ്ടെത്തിയ ആളുകൾക്ക് മരുന്നുകൾ വിതരണം ചെയ്യുകയെന്നുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് 120-ഓളം ഇനം മരുന്നുകളാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി ആശുപത്രികൾവഴി വിതരണം ചെയ്യുന്നത്. മറ്റൊന്ന്, സ്കൂൾ ഹെൽത്ത് പ്രോഗ്രാമാണ്. കുട്ടികളിൽ ഇതിന്റെ അവയർനെസുണ്ടാക്കുന്നതിന് 'LEAP' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. 1200-ഓളം സ്കൂൾ ഹെൽത്ത് നഴ്സുമാരെ കേരളത്തിലെ എല്ലാ സ്കൂളുകളിലും നിയമിച്ചു. അതോടൊപ്പം കെയർ ഓൺ വേവ്സ് പദ്ധതി - വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ, ആശുപത്രി സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ബോട്ടുകളിൽ തന്നെ ആശുപത്രികൾ സജ്ജീകരിച്ച് ആ പ്രദേശങ്ങളിൽ പോയി ചികിത്സ കൊടുക്കുന്നു. കെയർ ഓൺ വീൽസ് പദ്ധതി - മലമ്പ്രദേശങ്ങളിലും ആദിവാസി മേഖലകളിലും വാഹനങ്ങളിൽ പോയി ഡോക്ടർമാർ ട്രീറ്റ്മെന്റ് കൊടുക്കുന്നു. ആയിരത്തോളം സ്കൂളുകളിൽ യോഗ സെന്ററുകൾ തുടങ്ങി. വർക്ക് ബൈ ഇന്റർവെൻഷൻസ് നടത്തുന്നു. ഇത്തരത്തിൽ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി വലിയ കർമ്മപദ്ധതികൾ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ടുകൊണ്ട് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ ക്യാൻസർ പോലുള്ള രോഗങ്ങൾ തടയുന്നതിനാവശ്യമായ കർശന നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പച്ചക്കറികളിലും

പഴവർഗ്ഗങ്ങളിലും അമിതമായ കീടനാശിനികൾ ഉപയോഗിക്കുന്നതിനെതിരെ പുതിയ കർമ്മ പദ്ധതിയായ 'ഓപ്പറേഷൻ രുചി' - ക്ക് ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. കഴിഞ്ഞയാഴ്ച കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽനിന്ന് 47-ഓളം സാമ്പിളുകളെടുത്ത് ടെസ്റ്റിനായി നൽകിയിട്ടുണ്ട്. അതിന്റെ റിസൾട്ട് വരാൻ 7 ദിവസമെങ്കിലുമാകും. അത് ലഭ്യമായാൽ അന്യ സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറികളും പഴവർഗ്ഗങ്ങളും കൊണ്ടുവരുന്നത് കർശനമായി നിരോധിക്കും. അതിനായി രജിസ്ട്രേഷനും ലൈസൻസും തുടങ്ങിയിട്ടുണ്ട്. കേരളത്തിൽ ജീവിതശൈലീ രോഗങ്ങൾ, പ്രത്യേകിച്ച് ക്യാൻസർ പോലെയുള്ള രോഗങ്ങൾ തടയുന്നതിന് ആ മേഖലയിൽ ശക്തമായ നടപടികൾ സ്വീകരിക്കുകയാണ്. ഈ മാസം 21-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ചുചേർത്തിട്ടുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, രോഗം വന്നാൽ എത്രയും വേഗം സുഖപ്പെടണമെന്നതുകൊണ്ടാണ് പലപ്പോഴും വിലപിടിപ്പുള്ള അലോപ്പതി മരുന്നുകൾ കഴിക്കുന്നതിനുവേണ്ടി ജനങ്ങൾ മുന്നോട്ടുവരുന്നത്. ആർക്കും കാത്തുനിൽക്കാൻ സമയമില്ല, എല്ലാവരും തിരക്കിലാണ്. അതിന്റെ ഭാഗമായാണ് എല്ലാവരും അലോപ്പതിയെമാത്രം ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. അലോപ്പതി മരുന്നുകൾ കഴിക്കാൻ വ്യഗ്രത കൂടിവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും ചെലവേറിയ മോഡേൺ മെഡിസിന് അടിമകളായി പോകാതിരിക്കുന്നതിനും വരുംതലമുറയെ പ്രാപ്തരാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനെക്കുറിച്ച് പറഞ്ഞു. സൈഡ് ഇഫക്ടില്ലാത്ത ആൾട്ടർനേറ്റീവ് മെഡിസിനെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നതിന് വേണ്ടരീതിയിൽ പ്രചരണം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് സ്കൂൾ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയത്. 13500-ഓളം സ്കൂളുകളിൽ ഇന്ന് സ്കൂൾ ഹെൽത്ത് പ്രോഗ്രാം നടക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് LEAP (Lifestyle Educational and Awareness Programme) എന്ന പദ്ധതി തുടങ്ങിയത്. രോഗം വരാതിരിക്കുന്നതിനുവേണ്ടിയുള്ള അവയർനെസ് കൊടുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. മരുന്നുകൾ ഉപയോഗിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള കർമ്മപദ്ധതികളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആവിഷ്കരിച്ച നടപ്പിലാക്കുന്നത്. ആയിരത്തോളം സ്കൂളുകളിൽ യോഗ ക്ലാസുകൾ തുടങ്ങി. കുട്ടികളെ ആ തരത്തിലേയ്ക്കുള്ള ജീവിതശൈലിയുമായി ബന്ധപ്പെടുത്തി കൊണ്ടുവരിക, അലോപ്പതി മരുന്നുകൾ ഉപയോഗിക്കാതിരിക്കുന്നതിനുള്ള സാഹചര്യമൊരുക്കുക എന്നതുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. എം. ഷാജി</u> : സർ, മരുന്നുമേഖല അതിഭീകരമായ കൊള്ളയുടെയും വെട്ടിപ്പിന്റെയും മേഖലയായി മാറുകയാണ്. അടുത്തിടെ ഒരു മരുന്നുകുറിപ്പടിയിലെ ഡോക്ടർമാരുടെ കൈയ്യക്ഷരം വായിക്കാൻ സാധിക്കുന്നില്ലെന്ന വിഷയത്തിൽ മനുഷ്യാവകാശ കമ്മിഷൻ സ്വമേധയാ കേസെടുത്തു. ഫാർമസിസ്റ്റുകളുടെ കഴപ്പമാണെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പറയുകയുണ്ടായി. 2002-ലെ മെഡിക്കൽ കൗൺസിൽ ആക്ടിന്റെ ഭേദഗതിയിൽ ഫാർമസ്യൂട്ടിക്കൽ നെയിം എഴുതണമെന്നാണ് പറയുന്നത്. അത് പാലിക്കാതെ ബ്രാൻഡ് നെയിം മാത്രമാണ് ഡോക്ടർമാർ എഴുതുന്നത്. മാത്രമല്ല, രോഗികൾക്ക് ഈ കുറിപ്പടി വായിക്കാൻ കഴിയുന്നരീതിയിൽ ഡോക്ടർമാർ എഴുതാത്തത് എന്തുകൊണ്ടാണ്. അത്തരത്തിലുള്ള തട്ടിപ്പുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നുണ്ടോ;

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2012 മുതൽ നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജ് മുതൽ പ്രൈമറി ഹെൽത്ത് സെന്ററുകളിൽവരെ ജനറിക് മരുന്നുകൾ നൽകുന്നതിന് തീരുമാനമെടുത്തു. 300 കോടി രൂപയാണ് ഇതിലേയ്ക്കായി മാറ്റിവച്ചത്. ജനറിക് മരുന്നുകൾ മാത്രമേ പ്രിസ്ക്രിപ്ഷനിൽ എഴുതാവൂ എന്ന് ഡോക്ടർമാർക്ക് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. 90 ശതമാനം തലങ്ങളിലും അത് പാലിക്കപ്പെടുന്നുണ്ട്. ലഭ്യമല്ലാത്ത മരുന്നുകൾ കൂടുതലായിഎഴുതി രോഗികളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ തീർച്ചയായും അത് പരിശോധിക്കും. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആവശ്യമായ മരുന്നുകൾ കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. ഏതെങ്കിലും ആശുപത്രികളിൽ ചില മരുന്നുകളില്ലെന്ന് കണ്ടുകഴിഞ്ഞാൽ അപ്പോൾത്തന്നെ അത് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിലെ വിദഗ്ധസമിതി പരിശോധിച്ചതിനുശേഷം 585 ഇനം അവശ്യ മരുന്നുകളാണ് ഇന്ന് വിതരണം ചെയ്യുന്നത്. ഡോക്ടർമാരുടെ കുറിപ്പടി സംബന്ധിച്ച്, അവരുടെ ഹാൻഡ്റൈറ്റിംഗ് അനുസരിച്ച് അവർ എഴുതുന്നതാണ്. അത് മനസ്സിലാകുന്നരീതിയിൽ എഴുതണമെന്ന നിർദ്ദേശം ഡി.എച്ച്.എസ്. വഴി ഡോക്ടർമാർക്ക് നൽകുന്നതാണ്.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : സർ, കേന്ദ്രത്തിലെ മരുന്ന് വില നിയന്ത്രണ സമിതി അടുത്തിടെ രണ്ടുതവണ മരുന്നുകൾക്ക് വില പുതുക്കി

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചപ്പോൾ ജീവൻരക്ഷാ മരുന്നുൾപ്പെടെയുള്ളവയുടെ വില ക്രമാതീതമായി ഉയർന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിൽ മരുന്നുകളുടെ ഉപയോഗം കൂടുതലാണെന്നാണ് ഇവിടെ സൂചിപ്പിച്ചത്. ഇത്തരം സാഹചര്യത്തിൽ ജീവൻ രക്ഷാ മരുന്നുകൾക്കും പ്രമേഹ രോഗങ്ങൾക്കുമുള്ള മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ;

ശ്രീ. വി. എസ്. ശിവകുമാർ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന സമയത്ത് കേന്ദ്ര ഗവൺമെന്റ് വില നിയന്ത്രണ പട്ടികയിൽ 73 ഇനം മരുന്നുകൾ നിശ്ചയിച്ചിരുന്നത് ഇപ്പോൾ 348 ഇനം മരുന്നുകളായിട്ടുണ്ട്. 348 ഇനം മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. അവരുടെ വില നിയന്ത്രണത്തിന കത്തുനിന്നുകൊണ്ട് അതിൽ കൂടുതൽ വില കൊടുത്ത് ഇവിടെ മരുന്ന് വാങ്ങേണ്ട സാഹചര്യമുണ്ടെങ്കിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇടപെടും, അക്കാര്യം പരിശോധിക്കുന്നതാണ്. ക്യാൻസർ രോഗമുൾപ്പെടെയുള്ള രോഗങ്ങൾക്ക് കേരളത്തിൽ സൗജന്യമായി മരുന്നുകൾ നൽകുന്നുണ്ട്. 348 ഇനം മരുന്നുകളാണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളതെങ്കിലും ഏകദേശം 585 ഇനം ജനറിക് മരുന്നുകൾ ക്യാൻസർ രോഗമുൾപ്പെടെയുള്ള രോഗങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, നീതി മെഡിക്കൽ സ്റ്റോറുകൾ താലൂക്ക് ആശുപത്രികളിൽ ഏർപ്പെടുത്തുമോ ;

ശ്രീ. വി. എസ്. ശിവകുമാർ : സർ, നീതി മെഡിക്കൽ സ്റ്റോറുകൾ ആരോഗ്യ വകുപ്പിനു കീഴിലല്ല, കൺസ്യൂമർഫെഡിനു കീഴിലാണ്. 595 ഇനം ജനറിക് മരുന്നുകളാണ് നമ്മൾ വിതരണം ചെയ്യുന്നത്. ബ്രാൻഡഡ് മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിലാണ് ആരോഗ്യ വകുപ്പ് കാരുണ്യ ഫാർമസികൾ തുടങ്ങിയത്. 35 കാരുണ്യ ഫാർമസികൾ തുടങ്ങുമെന്ന് പറഞ്ഞതിൽ 33 എണ്ണം തുടങ്ങി. കൺസ്യൂമർഫെഡ് വഴി നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്ന കാര്യത്തെ ക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിക്കാം.

ശ്രീ. വി. ഡി. സതീശൻ : സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ത്യയിലെ ഔഷധനിർമ്മാണ കമ്പനികൾ തീവെട്ടിക്കൊള്ളയാണ് കേരളത്തിൽ നടത്തി ക്കൊണ്ടിരിക്കുന്നത്. മറ്റെല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കൂടുതൽ മരുന്നുകൾ വാങ്ങി കൂടുതൽ അപകടത്തിലേയ്ക്കാണ് മലയാളികൾ പോകുന്നത്. ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട മരുന്നുകളാണ് ഇവിടെ ഏറ്റവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

വിറ്റഴിക്കപ്പെടുന്നത്. ബ്ലഡ് ഷുഗർ എത്രവരെയാകാം, പ്രഷർ എത്ര വരെയാകാം എന്നെല്ലാം തീരുമാനിക്കുന്നത് ഔഷധ നിർമ്മാണ കമ്പനികളാണ്. അവർ നിശ്ചയിക്കുന്ന സീലിംഗ് കാണിച്ച് ജനങ്ങളെ ഭയപ്പെടുത്തുകയാണ്. ഹാർട്ട് അറ്റാക്ക് വരും; കിഡ്നി അടിച്ചുപോകും; ലിവർ പോകും ഇതൊക്കെ കണ്ട് ഭയന്നാണ് മലയാളികൾ മരുന്ന് വാങ്ങിക്കൂട്ടുന്നത്. അമിതമായ ഈ മരുന്നുപയോഗിച്ചിട്ടാണ് യഥാർത്ഥത്തിൽ ഹാർട്ട് അറ്റാക്കുണ്ടാകുന്നതും കിഡ്നി അടിച്ചുപോകുന്നതും. അമിതമായ മരുന്നുപയോഗത്തിനെതിരായി വലിയ ഒരു ക്യാംപെയിൻ നൽകാൻ ആരോഗ്യ വകുപ്പ് നേതൃത്വം കൊടുക്കുമോ;

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, കേരളത്തിൽ മരുന്നുപയോഗം പല സാഹചര്യങ്ങൾ കൊണ്ടും കൂടുന്നുണ്ട്. കേരളത്തിലെ ജനങ്ങൾ കൂടുതൽ അവബോധമുള്ളവരാണ്. ചെറിയ രോഗങ്ങൾ വന്നാൽപോലും ആളുകൾ ആശുപത്രിയിൽ പോകുന്നു. ഇപ്പോൾ ആശുപത്രിയിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യങ്ങളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ പഞ്ചായത്തുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. അതുപോലെ സബ്സെന്ററുകളും പ്രൈവറ്റ് ആശുപത്രികളുമുണ്ട്. പക്ഷെ ജീവിതശൈലിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാറ്റമുണ്ടായാൽ മാത്രമേ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെയുള്ള നടപടികളിലേയ്ക്ക് വരാൻ കഴിയുകയുള്ളൂ. പരമ്പരാഗതമായ ഒരു ചികിത്സാ സമ്പ്രദായവും അതുവഴിയുള്ള ജീവിതചര്യയും കേരള സമൂഹത്തിന് പകർന്നുകൊടുക്കുന്നതിനുവേണ്ടിയാണ് ആരോഗ്യ വകുപ്പിന് കീഴിൽ 'ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ താഴെത്തട്ടിലേയ്ക്ക് കൊണ്ടുവരുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അലോപ്പതി മരുന്നുകൾ കൂടുതലായി ഉപയോഗിക്കുന്നതുമൂലം പുതുതായി പല രോഗങ്ങളും വരുന്നു. സ്ഥിരമായി മരുന്നുകൾ ഉപയോഗിച്ചാൽ അവസാനനാളിൽ ലിവറിനും കിഡ്നിക്കുമൊക്കെ തകരാറുണ്ടാകാനുള്ള സാഹചര്യമുണ്ട്. ആയുഷ് വകുപ്പിന് കീഴിൽ, അവയർനെസ്സും യോഗപോലുള്ള പരിപാടികളും, ആയുർവേദ മരുന്നുകളുടെ ഉപയോഗവുമൊക്കെ സമൂഹത്തിൽ കൂടുതൽ എത്തിക്കുന്നതിനുവേണ്ടിയുള്ള വലിയ ഒരു കർമ്മ പദ്ധതിക്കാണ് സംസ്ഥാന ഗവൺമെന്റ് രൂപം കൊടുത്തിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ ചിരകാല സ്വപ്നമായിരുന്ന ആയുഷ് വകുപ്പ് രൂപീകരിക്കുക എന്നുള്ളത്. അത് കേരളത്തിൽ രൂപീകരിച്ചുകഴിഞ്ഞു. ആയുഷ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u> : സർ, ജീവിതശൈലീരോഗം പോലെ മറ്റൊന്നാണ് നേത്രരോഗങ്ങൾ. സ്കൂൾ കുട്ടികളിൽ നേത്രരോഗങ്ങൾ വല്ലാതെ വർദ്ധിക്കുകയാണ്. ഏതാണ്ട് 640 കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ സർവ്വെയിൽ മുന്നൂറിലധികം കട്ടികൾക്ക് കണ്ണിന് രോഗമുള്ളതായിട്ടാണ് വ്യക്തമാക്കുന്നത്. പുതിയ തലമുറയിൽ ഇങ്ങനെയുള്ള വൈകല്യം കടന്നുവരാനുള്ള സാഹചര്യം എന്താണെന്നതിനെ സംബന്ധിച്ച് പ്രത്യേകമായി പഠിക്കാനും അതിന് പരിഹാരമുണ്ടാക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, പുതിയ തലമുറയിൽ കട്ടികളുടെയിടയിൽ നേത്ര രോഗങ്ങൾ കൂടുതലായി വരുന്നതിന് കാരണമായി ഞാൻ മനസ്സിലാക്കുന്നത് കമ്പ്യൂട്ടർ യുഗത്തിലേയ്ക്ക് നമ്മൾ കടന്നിരിക്കുന്ന പശ്ചാത്തലത്തിൽ കട്ടികളെല്ലാം എപ്പോഴും കമ്പ്യൂട്ടറിന്റെ മുന്നിലായതുകൊണ്ടാണെന്നാണ്. നമ്മുടെ ദൃഷ്ടിക്ക് കൂടുതൽ സ്ട്രെയിൻ കൊടുക്കുന്നതുമൂലമുണ്ടാകുന്ന രോഗങ്ങളാകാം. എന്തായാലും അക്കാര്യത്തെക്കുറിച്ച് ആരോഗ്യവകുപ്പ് പരിശോധിക്കാം.

ശ്രീ. പി. എ. മാധവൻ : സർ, ജീവിതശൈലീരോഗങ്ങളെ നിയന്ത്രിക്കുന്നതിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുഡ്സേഫ്റ്റി ഓഫീസുകൾ തുറക്കുമെന്നു പറഞ്ഞ് സ്ഥലമെടുത്തിട്ട് മാസങ്ങളായെങ്കിലും ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഫുഡ്സേഫ്റ്റി ഡിപ്പാർട്ടുമെന്റ് ആധുനികവത്കരിക്കുന്നതിനുവേണ്ടി വളരെയേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 57 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. 85-ഓളം ഫുഡ്സേഫ്റ്റി ഓഫീസർമാരെ നിയമിക്കുന്നതിലേയ്ക്കുവേണ്ടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. പി.എസ്.സി. ഇപ്പോൾ അപേക്ഷ ക്ഷണിച്ചതിൽ 16000-ത്തോളം പേർ അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ പരീക്ഷ നടക്കാൻ പോവുകയാണ്. വളരെ പെട്ടെന്നുതന്നെ ഈ ഉദ്യോഗസ്ഥന്മാരെക്കൂടി നിയമിച്ചാൽ 140 നിയോജകമണ്ഡലങ്ങളിലും ഫുഡ്സേഫ്റ്റി ഓഫീസുകൾ വരും. ഇപ്പോൾ രണ്ടുംമൂന്നും നിയോജകമണ്ഡലങ്ങളടിസ്ഥാനമാക്കിയാണ് ഓഫീസ് പ്രവർത്തിക്കുന്നത്. ഉദ്യോഗസ്ഥന്മാരുടെ കുറവാണ് ഇപ്പോൾ അനുഭവപ്പെടുന്നത്. 57 ഉദ്യോഗസ്ഥന്മാരെ ഉടൻതന്നെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ ഡബ്ല്യു.എച്ച്.ഒ.-യുമായി ചേർന്ന് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ : സർ, വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ആരോഗ്യരംഗത്ത് കേരളത്തിന്റെ മികവ് കണക്കിലെടുത്തുകൊണ്ട് ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട് ഒരു എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സ്റ്റേറ്റുകളിൽനിന്ന് വ്യത്യസ്തമായി കേരളം ആരോഗ്യമേഖലയിൽ നേടിയ നേട്ടങ്ങളുടെ ഭാഗമായാണ് ഡബ്ല്യു.എച്ച്.ഒ. കേരളവുമായുള്ള എഗ്രിമെന്റിന് തയ്യാറായത്. ഏറ്റവും വലിയ വെല്ലുവിളിയായ ജീവിതശൈലീ രോഗങ്ങളെ എങ്ങനെ നിയന്ത്രിക്കാം, അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ സാങ്കേതികമായ അഡ്വൈസാണ് ഡബ്ല്യു.എച്ച്.ഒ. നൽകുന്നത്. അതിലേയ്ക്ക കരാർ ഒപ്പിട്ടുണ്ട്.

ഡോ. എൻ. ജയരാജ് : സർ, ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന് മാത്രമായി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്ന് തോന്നുന്നില്ല. ഒരു കാലഘട്ടത്തിൽ നമ്മുടെ സ്കൂളുകളിൽ കുട്ടികൾ നാലുമണിക്ക് ശേഷം സ്കൂൾ കാമ്പസിൽനിന്ന് ഓടുകയും ചാടുകയും ചെയ്യുന്ന ഒരു പ്രവണതയുണ്ടായിരുന്നു. എന്നാൽ ഇന്നാണെങ്കിൽ രാവിലെ കുട്ടികളെ ഡ്രസ് ചെയ്യിച്ച് സ്കൂൾ ബസിൽ കയറ്റി സ്കൂളിൽ കൊണ്ടാക്കുകയും വൈകുന്നേരം അതേ സ്കൂൾ ബസിൽ വീട്ടിൽ കൊണ്ടെത്തിക്കുകയുമാണ്. വീട്ടിൽ എത്തിയതിനുശേഷം പിന്നെ ട്യൂഷന് പോകും. യഥാർത്ഥത്തിൽ ഇപ്പോൾ കുട്ടികൾക്ക് കളിക്കാനുള്ള ഇടവുമില്ലാതായി. പണ്ട് നാട്ടിൻപുറങ്ങളിലുണ്ടായിരുന്ന കളിസ്ഥലങ്ങളെല്ലാം അപ്രത്യക്ഷമായിരിക്കുകയാണ്. സ്പോർട്സ് വകുപ്പും ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ഇതിനൊരു പരിഹാരം കാണാതെ നമ്മൾ എത്ര പരിശ്രമിച്ചാലും ജീവിതശൈലീ രോഗങ്ങൾ പുതിയ തലമുറയിൽനിന്ന് വിട്ടുമാറാൻ പോകുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഇക്കാര്യത്തിൽ സമഗ്രമായ കാഴ്ചപ്പാടോടുകൂടിയുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോയെന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. വി. എസ്. ശിവകുമാർ : സർ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം 2000 സ്കൂളുകളിൽ മാത്രമാണ് ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിലെ 13500-ഓളം സ്കൂളുകളിൽ ആരംഭിച്ചു. ഏകദേശം 45 ലക്ഷത്തോളം കുട്ടികളെ സ്കൂൾ ഹെൽത്ത് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം ജീവിതശൈലീ രോഗ നിയന്ത്രണത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് LEAP (Life style Education Awareness Programme) എന്ന മറ്റൊരു പദ്ധതികൂടിയാരംഭിച്ചത്. അതിനകത്ത് 1200 ഓളം സ്കൂളുകളിൽ ഹെഡ് നഴ്സിനെതന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ നേതൃത്വത്തിൽ അവയർനെസ്സും മറ്റ് പ്രവർത്തനങ്ങളും ഫലപ്രദമായി നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : സർ, വളരെ വർഷങ്ങൾക്കുമുമ്പ് കേരളത്തിലെ ജനങ്ങളെ ഒരു പരിധിവരെ സഹായിക്കാൻ ഔഷധ നിർമ്മാണശാലയുണ്ടായിരുന്നു. ഈ ഔഷധ നിർമ്മാണ ശാലയിൽനിന്നും മറ്റ് സമീപ രാജ്യങ്ങളിലേയ്ക്ക് കുറഞ്ഞ വിലയ്ക്ക് മരുന്ന് കയറ്റി അയച്ചിരുന്നു. എന്നാൽ ഇപ്പോൾ അതുമാറി. ഇന്ന് നമ്മളടക്കം , വലിയ വില കൊടുത്ത് മരുന്ന് വാങ്ങേണ്ട സാഹചര്യമാണുള്ളത്. അതുകണക്കിലെടുത്ത് നമ്മുടെ ഔഷധ നിർമ്മാണ ശാലയുടെ ഉത്പാദനം വർദ്ധിപ്പിക്കാനും പുതിയ ഔഷധ നിർമ്മാണശാലകൾ അലോപ്പതി മേഖലയിൽ തുടങ്ങാനുമാവശ്യമായ ഒരു നിർദ്ദേശം ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഇപ്പോൾ നമ്മൾ ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി വാങ്ങി ലഭ്യമാക്കുകയാണ്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനം നമുക്കുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം പരിശോധിക്കാവുന്നതാണ്. ഇത് ആരോഗ്യവകുപ്പ് മാത്രം ചെയ്യേണ്ടതല്ല, വ്യവസായവകുപ്പും മറ്റ് ഡിപ്പാർട്ടുമെന്റുകളുമായി സംയുക്തമായി ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, വ്യാജമരുന്നുകളുടെ പ്രളയമാണ് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തടിവെയ്ക്കാനുള്ള മരുന്ന്, തടികുറയാനുള്ള മരുന്ന്, മുടി വളരാനുള്ള മരുന്ന് അങ്ങനെ മരുന്നുകളുടെ പ്രളയമാണ്. ഇതൊക്കെ വാങ്ങിയുപയോഗിച്ച് സമൂഹത്തിൽ ധാരാളമാളുകൾ വഞ്ചിതരാകുന്നുണ്ട്. ഇത്തരത്തിലുള്ള വ്യാജമരുന്നുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ആരോഗ്യവകുപ്പ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി മരുന്നുകൾ വാങ്ങിയാണ് ആശുപത്രികളിൽ വിതരണം ചെയ്യുന്നത്. 585 ഐറ്റം മരുന്നുകളുടെ കാര്യം ഞാൻ നേരത്തേ സൂചിപ്പിച്ചു. അഞ്ച് ഘട്ടങ്ങളായിട്ടാണ് അതിന്റെ ക്വാളിറ്റി പരിശോധിച്ച് കൊടുക്കുന്നത്. ടെണ്ടർ വിളിക്കുമ്പോൾതന്നെ അവരുടെ അക്രെഡിറ്റബിൾ ലാബിൽ പരിശോധിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം. കഴിഞ്ഞ കാലംവരെ അങ്ങനെയല്ലായിരുന്നു. അലോപ്പതിയിലായാലും ആയുർവ്വേദത്തിലായാലും വ്യാജമരുന്നുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് പരിശോധിക്കുകയും കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. അത് ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഒരേ കമ്പനിയുടെ ഒരേ മരുന്നുകൾക്ക് പല വിലയാണ് മരുന്നുകടക്കാരും ആശുപത്രികളും ഈടാക്കുന്നത്. ഉദാഹരണത്തിന്, Poptas, Piptas എന്നീ മരുന്നുകൾക്ക് ഇരുന്നൂറ് മുതൽ അഞ്ഞൂറ് രൂപവരെ വില വ്യത്യാസമുണ്ട്. ഇതുസംബന്ധിച്ച് പല പത്രങ്ങളിലും ചാനലുകളിലും വാർത്തകൾ വന്നിട്ടുണ്ട്. കമ്പനിയും മരുന്നുകടകളും ആശുപത്രികളും തമ്മിലുള്ള രഹസ്യധാരണയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെ മരുന്നുകൊടുത്തുകൊണ്ടിരിക്കുന്നത്. ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. വി. എസ്. ശിവകുമാർ : സർ, മരുന്നിന്റെ വിലകൾ നിശ്ചയിക്കുന്നത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. അതിൽ കൂടുതലായി വിലകൾ ഈടാക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തിയാൽ കർശനമായ നടപടി സ്വീകരിക്കും.

ശ്രീ. കെ. അജിത് : സർ, മരുന്ന് മാഫിയകൾ കേരളത്തിലെ മനുഷ്യരുടെ ഇടയിൽ മരുന്ന് പരീക്ഷണം നടത്തുന്നുവെന്ന പത്ര-മാധ്യമ വാർത്തകൾ വരുകയാണ്. ഇതിനെതിരെ സർക്കാർ എന്ത് നടപടിയാണ് എടുത്തത്; അത് അന്വേഷിച്ചിട്ടുണ്ടോ? ലോകരാജ്യങ്ങളിൽ നിരോധിക്കപ്പെട്ട പല മരുന്നുകളും ഇന്ന് യഥേഷ്ടം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഡോക്ടർമാർ അത് കുറിച്ചുകൊടുക്കുകയും ചെയ്യുകയാണ്. ഗവൺമെന്റ് അതിനെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; അങ്ങനെ നിരോധിക്കപ്പെട്ട മരുന്നുകളുടെ ലിസ്റ്റ് നിയമസഭയ്ക്കുള്ളിൽ പറയുവാൻ മന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, നിരോധിക്കപ്പെട്ട മരുന്നുകളുടെ ലിസ്റ്റിന്റെകാര്യം പരിശോധിച്ചിട്ട് പറയാം.

ശ്രീ. അൻവർ സാദത്ത് : സർ, കേരളത്തിൽ വലിയ തോതിൽ വ്യാജ മരുന്നുകളുണ്ട്. മുടികൊഴിച്ചിൽപോലുള്ള പല രോഗങ്ങൾക്കുള്ള മരുന്നുകൾക്കും പരസ്യങ്ങളുണ്ട്. വ്യാജമായി നിർമ്മിക്കുന്ന മരുന്നുകൾക്ക് സിനിമാ നടന്മാരുടെ പരസ്യങ്ങൾ കൊടുക്കുന്നുണ്ട്. അങ്ങനെയുള്ള വ്യക്തികളെ കണ്ടുകൊണ്ട് പല ആളുകളും മരുന്നുകൾ വാങ്ങുന്നുണ്ട്. അതുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങൾ നിയന്ത്രിച്ച് ജനങ്ങളെ കബളിപ്പിക്കാതിരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, വ്യാജ മരുന്ന് നിർമ്മിച്ച് വിപണിയിൽ എത്തിക്കുന്നതിനെതിരെ നടപടി എടുക്കുന്നുണ്ട്. പരസ്യങ്ങൾക്ക് നിയന്ത്രണമുണ്ട്.

ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ കൊടുത്താൽ ആ കമ്പനിയുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട് നിരവധി കേസുകളെടുത്തിട്ടുണ്ട്. ആ കേസുകൾ നടന്നുവരികയാണ്. അക്കാര്യത്തിൽ കർശനമായി നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ജെനറിക് മെഡിസിൻ സൗജന്യമായി രോഗികൾക്ക് കൊടുക്കുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പ്രഖ്യാപിച്ചതാണ്. റെഗുലർ സപ്ലൈ ഇപ്പോഴില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാവശ്യമായ കടിശ്ശിക ഇതുവരെ കൊടുത്തിട്ടില്ലെന്നതാണ് അതിനുള്ള പ്രധാനപ്പെട്ട കാരണം. 400 കോടി രൂപ ഇപ്പോൾ കടിശ്ശികയാണ്. ബഡ്ജറ്റിൽ 300 കോടി രൂപ വച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നൂറ്റി നാല്പതോ നൂറ്റി അമ്പതോ കോടി രൂപയാണ് കഴിഞ്ഞ വർഷം കൊടുത്തത്. ഇപ്പോൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 430 കോടി രൂപ കടിശ്ശികയായി കിടക്കുകയാണ്. ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട മെഡിസിൻ ഇല്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കടിശ്ശികയായിട്ടുള്ള തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഇപ്പോൾ ഫണ്ടില്ലെന്നുപറഞ്ഞ് മരുന്ന് വിതരണം ചെയ്യുന്നതിന് യാതൊരു തടസ്സവും നിലനിൽക്കുന്നില്ല. കഴിഞ്ഞ ആഴ്ച 200 കോടി രൂപകൂടി വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. 50 കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ഈ വർഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 494 ഐറ്റം മരുന്നുകളുടെ സപ്ലൈ ഓർഡർ നൽകിക്കഴിഞ്ഞു. കഴിഞ്ഞവർഷം ടെണ്ടർ എടുക്കാൻ ആളില്ലാഞ്ഞതുകൊണ്ട് വളരെ താമസിച്ചു. ഇപ്പോൾ സമയബന്ധിതമായി കാര്യങ്ങൾ നടക്കുന്നുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാവശ്യമായ തുക ലഭ്യമാക്കാമെന്ന് ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഉറപ്പുനൽകിയിട്ടുണ്ട്. മരുന്നുവിതരണത്തിന് ഗവൺമെന്റ് പ്രഥമ പരിഗണന നൽകുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, മരുന്നുകളുടെ കാര്യത്തിൽ മാത്രമല്ല ടെസ്റ്റുകളുടെ കാര്യത്തിലും വലിയ ചൂഷണം നടന്നുകൊണ്ടിരിക്കുകയാണ്. സി. ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ, ലിപിഡ് പ്രൊഫൈൽ എന്നിവ ലാബുകളിൽ ടെസ്റ്റ് ചെയ്യുമ്പോൾ വ്യത്യസ്ത റേറ്റാണ് വാങ്ങുന്നത്. കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ ലാബുകളെ എ, ബി, സി. എന്നിങ്ങനെ മൂന്നായി തരംതിരിച്ച്, മരുന്നുകൾക്ക് എം.ആർ.പി. ഇടുന്നതുപോലെ, ഓരോ ടെസ്റ്റിനും മിനിമം ഇത്ര രൂപ എന്നുള്ള രീതിയിൽ തീരുമാനമുണ്ടാക്കാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ : സർ, സർക്കാർ ആശുപത്രികളിൽ കൂടുതലായി ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. സി.എച്ച്.സി. വരെയുള്ള എല്ലാ ആശുപത്രികളിലും ലബോറട്ടറികളുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബുകൾ തുടങ്ങുന്നതിന് തീരുമാനിച്ചു. 125 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബുകൾ തുടങ്ങിക്കഴിഞ്ഞു. കേരളത്തിലെ എല്ലാ പ്രൈമറി ഹെൽത്ത് സെന്റർ തലംവരെ ലാബുകൾ തുടങ്ങുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകും. പ്രൈവറ്റ് ലാബുകളുടെ കാര്യം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. ഒരു ലാബിൽ പരിശോധിക്കുന്ന റിസൾട്ടായിരിക്കില്ല മറ്റൊരു ലാബിൽനിന്നും ലഭിക്കുന്നത്. സ്വകാര്യ ലാബുകളെ നിയന്ത്രിക്കുന്നതിനും മറ്റ് സ്വകാര്യ സ്ഥാപനങ്ങളെ നിയമിക്കുന്നതിനും പുതിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമസഭയിൽ വരികയാണ്. അത് പാസ്സായാൽ ഇതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയും.

ശ്രീ. വി. ശശി : സർ, സ്വകാര്യ മേഖലയിൽ വർദ്ധിച്ചുവരുന്ന ആശുപത്രികൾ മാരക രോഗങ്ങളുള്ള രോഗികളുടെ എണ്ണം വർദ്ധിപ്പിക്കുന്നുവെന്നുള്ളതിന് തെളിവാണ്. ഇത്തരം രോഗികളുടെ എണ്ണം സൃഷ്ടിക്കുന്നതിനായി ഏതെങ്കിലും ഗൂഢശക്തികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് പറയുന്നതിൽ എന്തെങ്കിലും സത്യമുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, കേരളം ആരോഗ്യ പരിപാലന രംഗത്ത് ഇന്ത്യക്ക് മാതൃകയാണ്. ലോകത്ത് പുതിയ ജീവിത ശൈലിയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ കേരളത്തിലും പ്രതിഫലിച്ചിട്ടുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ ജീവിത ശൈലീ രോഗങ്ങൾ വന്നുകൊണ്ടിരിക്കുന്നുവെന്നത് യാഥാർത്ഥ്യം തന്നെയാണ്. ഡോ. എൻ. ജയരാജ് ഇവിടെ സൂചിപ്പിച്ചതുപോലെ കുട്ടികൾ സ്കൂളുകളിൽ പോയാൽ അവർക്ക് പത്തുമിനിട്ട് കളിക്കുന്നതിനുള്ള സൗകര്യംപോലുമില്ല. കൊച്ചുകുട്ടികൾക്ക് അമിതമായ വണ്ണമുണ്ടാകുന്നു, കൂടുതൽ രോഗങ്ങളുണ്ടാകുന്നു. അത് വളർന്നുവരുന്ന തലമുറയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ്. അതിനുവേണ്ടി ഒരു ജീവിതചര്യ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, മാരകമായ അസുഖം ബാധിച്ച് നിരവധിയാളുകൾ ഇന്ന് ചികിത്സയിലാണ്. ഗവൺമെന്റ് ആശുപത്രികളിൽ പല രോഗങ്ങൾക്കും മെഡിസിനില്ലായെന്നുള്ള പരാതിയുണ്ട്. മെഡിക്കൽ കോളേജിൽ പ്പോലും കരൾ രോഗബാധിതരായ ആളുകൾ ചികിത്സയ്ക്കചെന്നാൽ അവർക്കു വേണ്ടുന്നമരുന്ന് ലഭിക്കുന്നില്ല. എന്നാൽ, വില കൂടുതലുള്ള ആ മരുന്ന് പുറത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽ ലഭിക്കുകയും ചെയ്യുന്നു. അതുകൊണ്ട് കരൾ രോഗമടക്കമുള്ള മാരകമായ അസുഖങ്ങൾക്കുള്ള മരുന്ന് ഗവൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള 348 ഐറ്റം മരുന്നുകളാണ് ഈ രോഗങ്ങൾക്ക് കൊടുക്കുന്നത്. സംസ്ഥാന ഗവൺമെന്റ് 494 ഐറ്റം മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ക്യാൻസർ, കരൾ രോഗം ഉൾപ്പെടെയുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

പൈപ്പ് പൊട്ടി വെള്ളം നഷ്ടമാകാതിരിക്കാൻ നടപടി

2 (*212) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൈപ്പുകൾ കാലോചിതമായും ഘട്ടംഘട്ടമായും മാറ്റി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൈപ്പ് പൊട്ടി വെള്ളം നഷ്ടമാകാതെ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് ടാസ്ക് ഫോഴ്സിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് 24x7 സമയം പ്രവർത്തിക്കുന്ന സംവിധാനമൊരുക്കുമോ; ടോൾ ഫ്രീ നമ്പർ നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ശുദ്ധജലവിതരണത്തിന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി ഉണനിലവാരമില്ലാത്ത പൈപ്പുകൾ മാറ്റേണ്ടതുണ്ട്. കേരള വാട്ടർ അതോറിറ്റി ഓരോ വർഷവും പഴകിയതും ഉപയോഗശൂന്യവുമായ ശരാശരി 10% പൈപ്പുകൾ മാറ്റുവാൻ